II ഇ.ബി.XIV-കേരള നിയമസഭ/VII-11

**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2017 ആഗസ്റ്റ് 23, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളുമായി നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

34(*331) ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനം

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ ചെറുകിട വ്യവസായ സംരംഭകരുടെ

ഉന്നമനത്തിനായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന വ്യാപാർ 2017, കേരള ബാംബൂ ഫെസ്റ്റ്, ബാംബൂ ഇന്നവേഷൻ സെന്റർ, ക്ലസ്റ്റർ വികസനം, ചെറുകിട വ്യവസായ പ്രോത്സാഹനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ദേശീയ-അന്തർദ്ദേശീയ ട്രേഡ് ഫെയറുകൾ സംഘടിപ്പിച്ചതിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികമായി പുരോഗമനം കൈവരിക്കുന്നതിനും ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ടെന്നും ടി സംരംഭകരുടെ വളർച്ചയ്ക്ക് കെ.ബിപ്പ് മുഖേന വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന ക്ലസ്റ്റർ വികസന പദ്ധതിയനുസരിച്ച് ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 70 ശതമാനം കേന്ദ്ര ധനസഹായമായി ലഭിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ ചെറുകിട നിക്ഷേപകരെയും സംരംഭകരെയും സഹായിക്കുന്നതിനും വ്യവസായികൾക്ക് നിശ്ചിത സമയത്തിനുള്ളിൽ ലൈസൻസ് നൽകുന്നതിനും 5 വർഷ കാലാവധിയിൽ ലൈസൻസ് പുതുക്കുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും മുൻഗണന നൽകുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ

കഞ്ചിക്കോട്ട് കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ഒരു മെഗാ ഫുഡ് പാർക്കിന്റെയും സീ ഫുഡുമായി ബന്ധപ്പെട്ട് ചേർത്തലയിൽ മറ്റൊരു മെഗാ ഫുഡ് പാർക്കിന്റെയും പ്രവർത്തനം ആരംഭിച്ചതോടൊപ്പം വ്യവസായ പാർക്കിനായി പാലക്കാട് ജില്ലയിലെ രണ്ടു സ്ഥലങ്ങളിലായി ഏകദേശം 500 ഏക്കർ ഭൂമി കിൻഫ്രയുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സിഡ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം ഫലപ്രദമായി വിനിയോഗിക്കുന്നതിനും പ്രതിസന്ധി നേരിടുന്ന പരമ്പരാഗത ഓട്ടു വ്യവസായത്തെ സംരക്ഷിക്കുന്നതിനായി മറ്റാവശ്യങ്ങൾക്ക് പരിവർത്തനപ്പെടുത്തിയതും ഡാറ്റാ ബാങ്കിന് പുറത്തുള്ളതുമായ പാടശേഖരങ്ങളിൽ നിന്നും കളിമണ്ണിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കാസർഗോഡ് ജില്ലയിലെ ചീമേനി പോലുള്ള സ്ഥലങ്ങളിൽ ലഭ്യമായ ഭൂമി പരമാവധി പ്രയോജനപ്പെടുത്തി ചെറുകിട-ഇടത്തര സംരംഭകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കിനാലൂരിലെ കെ.എസ്.ഐ.ഡി.സി.യുടെ വ്യവസായ എസ്റ്റേറ്റിന്റെ വികസനപ്രവർത്തനങ്ങൾക്കും ഐ.ടി. സംരംഭങ്ങളിൽ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മാവൂരിലെ ഗ്രാസിം കമ്പനിയുടെ സ്ഥലം ഏറ്റെടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ ചോദ്യം ചോദിക്കാതെ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ നക്ഷത്രചിഹ്നമിട്ട 332, 333 എന്നീ നമ്പർ ചോദ്യങ്ങൾ സഭയിൽ എടുത്തില്ല. തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

35 (*334) <u>നദീതട ടൂറിസം പദ്ധതി</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, വടക്കൻ കേരളത്തിലെ ജലാശയങ്ങളും കലാരൂപങ്ങളും പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള നദീതട ടൂറിസം പദ്ധതി പരിഗണനയിലുണ്ടെന്നും മലബാറിന്റെ അനന്തമായ ടൂറിസം സാദ്ധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടും കണ്ണൂർ വിമാനത്താവളം പ്രവർത്തനമാരംഭിക്കുമ്പോൾ ഉണ്ടാകാവുന്ന വൻ ടൂറിസ്റ്റ് വരവിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുമുള്ള പദ്ധതികൾക്ക് ഇതിനോടകം 150 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും മലബാറിന്റെ പ്രകൃതി ഭംഗിയും നാടൻകലകളും ജീവിതരീതിയും ഭക്ഷണ രീതിയും ആയോധനകലകളും സമന്വയിപ്പിച്ചുകൊണ്ടുള്ള മലബാർ-മലനാട്-നദീതട-ക്രൂയിസം-സർക്യൂട്ടിനായി 320 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സഹായത്തിനായി സമർപ്പിക്കുകയും ടി പദ്ധതിയുടെ ഘടകങ്ങളിൽ ചിലതിന്

ഇതിനോടകം സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്നും കേരളത്തിലെ വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ അടുത്ത നാലു വർഷം ലക്ഷ്യമിടുന്ന വർദ്ധനവും തൊഴിൽ അവസരങ്ങളും യാഥാർത്ഥ്യമാകണമെങ്കിൽ മലബാറിന്റെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്നും സഭയെ അറിയിച്ചു. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ വടക്കൻ കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ടൂറിസം വിപണനം ലക്ഷ്യമിട്ട് ഇതര സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലും റോഡ് ഷോകൾ സംഘടിപ്പിക്കുകയും ടൂറിസം ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. വ്യവസായികൾ, തദ്ദേശ ഭരണകൂടം, ശുചിത്വമിഷൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ, തദ്ദേശവാസികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ തെരഞ്ഞെടുക്കപ്പെട്ട 84 ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി 'ഗ്രീൻ കാർപെറ്റ്' പദ്ധതി ആവിഷ്കരിക്കുകയും പ്രത്യേക പരിശീലനം ലഭിച്ച ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം പ്രയോജനപ്പെടുത്തി ടി പദ്ധതിയുടെ ഏകോപനത്തിനായി സംസ്ഥാന-ജില്ലാ-മേഖലാതലങ്ങളിൽ നിരീക്ഷണ സമിതികൾ രൂപീകരിച്ച് ഓരോ സെന്ററിന്റെയും കാര്യങ്ങൾ സമയബന്ധിതമായി പരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ടൂറിസം കേന്ദ്രങ്ങളിലെ കയ്യേറ്റങ്ങൾ അവസാനിപ്പിക്കാനും കായലോരങ്ങൾ സംരക്ഷിക്കാനും നടപടി സ്വീകരിക്കുന്നതോടൊപ്പം സംസ്ഥാനത്തെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു മിഷൻ രൂപീകരിച്ചിട്ടുണ്ടെന്നും മധ്യതിരുവിതാംകൂറിലെയും തെക്കൻ കേരളത്തിലെയും ടൂറിസം പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ആരംഭിച്ച ഗവി-വാഗമൺ-തേക്കടി വികസന പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണെന്നും സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി എരുമേലി-പമ്പ-സന്നിധാനം വികസനപ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും കോട്ടയം ജില്ലയിലെ കിഴക്കൻ മേഖലയിലുള്ള വിനോദ സഞ്ചാര പ്രാധാന്യമുള്ള പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന ഗ്രീൻ ടൂറിസം സർക്യൂട്ട് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ പരിഗണനയിലുള്ള എട്ട് പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടെന്നും കേന്ദ്ര അനുമതിയോടുകൂടി വരുന്ന സംരംഭകർക്ക് വയനാട് ജില്ലയിൽ എയർ സ്ട്രിപ്പ് ആരംഭിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുമെന്നും ബീച്ച് വികസനം ടൂറിസം പദ്ധതികളിലുൾപ്പെടുത്തി ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അഷ്ടമുടിക്കായലിനെ മാലിന്യമുക്തമാക്കി പ്രധാനപ്പെട്ട ടൂറിസം

ഡെസ്റ്റിനേഷനാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

36(*335) <u>വിനോദസഞ്ചാര പദ്ധതികൾ</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ചിട്ടുള്ള വിനോദസഞ്ചാര പദ്ധതികളിൽ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ നേച്ചർ ടൂറിസം സർക്യൂട്ടായ അതിരപ്പിള്ളി-മലയാറ്റൂർ-കാലടി-കോടനാട് വികസനം, മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് ശ്രീനാരായണഗുരു പിൽഗ്രിം സർക്യൂട്ട് (ശിവഗിരി-ചെമ്പഴന്തി-ഗുരുകുലം-കുന്നുപാറ-അരുവിപ്പുറം) എന്നിവയുടെ ഭരണാനുമതിക്കായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിക്കുകയും അതിൽ മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ടിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെയും ഗുരുചന്ദ്രികാ ബിൽഡേഴ്സ് & പ്രോപ്പർട്ടി പ്രൈവറ്റ് ലിമിറ്റഡിന്റെയും സംയുക്ത സംരംഭമായ ജഡായുപാറ ടൂറിസം പദ്ധതി 2017 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുമെന്നും ടി പദ്ധതിയുടെ ഭാഗമായി ഹെലികോപ്റ്റർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും സാഹസിക ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത്

അഡ്വഞ്ചർ ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ അഡ്വഞ്ചർ ടൂറിസം വ്യവസായരംഗത്തെ പ്രമുഖ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് കുമരകത്ത് ഒരു സമ്മേളനം സംഘടിപ്പിക്കാൻ തീരുമാനിക്കുകയും തീർത്ഥാടന ടൂറിസത്തിൽ ഉൾപ്പെടുത്തി ചെങ്ങന്നൂരിന്റെ വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വയനാട് ജില്ലയിലെ തദ്ദേശവാസികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും പൊന്മുടിയിലെ മുടങ്ങിക്കിടന്ന പ്രോജക്ടുകൾ പുനരുജ്ജീവിപ്പിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും തെക്കൻ കേരളത്തിലെ പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി പൊന്മുടിയെ മാറ്റുകയും ചെയ്യുന്നതാണ്. ടൂറിസം മേഖലയിലെ മാർക്കറ്റിംഗ് വിഭാഗത്തിന് അനുവദിച്ച 75 കോടി രൂപ ഫലപ്രദമായി വിനിയോഗിക്കുകയും വിദേശ രാജ്യങ്ങളിൽ ടൂറിസം ഫെയറുകളും പരിപാടികളും സംഘടിപ്പിക്കുകയും ചെയ്ത് കൂടുതൽ വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതോടൊപ്പം കെ.റ്റി.ഡി.സി. മുൻകൈയെടുത്ത് പിൽഗ്രിം ടൂർസർക്ക്യൂട്ടുകളെ ബന്ധപ്പെടുത്തി യാത്രാപരിപാടി സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും കൾച്ചറൽ-ടൂറിസം ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി ജില്ലകൾതോറും കൾച്ചറൽ കോംപ്ലക്സ് വികസിപ്പിക്കുകയും അതാത് ജില്ലകളിൽ പ്രാമുഖ്യമുള്ള കലാരൂപങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതാണ്.

ആലപ്പുഴയിലെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രോജക്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും വിനോദ സഞ്ചാരികൾക്ക് പ്രാദേശിക കാഴ്ചകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വാഹന സൗകര്യമേർപ്പെടുത്തുന്നതിനും ഡി.ടി.പി.സി.ക്ക് നിർദ്ദേശം നൽകുന്നതാണെന്നും തലശ്ശേരി പൈതൃക ടൂറിസം സംരക്ഷണ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനുമതി നൽകിയ തലശ്ശേരിയിലെ നാല് പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഉടൻതന്നെ ആരംഭിക്കുന്നതിനുപുറമെ മുസിരിസ്സ്-ആലപ്പുഴ പൈതൃക സംരക്ഷണ പദ്ധതികൾക്ക് മുന്തിയ പരിഗണന നൽകുന്നതാണെന്നും ഗുരുവായൂർ ദേവസ്വവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച 100 കോടി രൂപയുടെ പ്രാസാദം പ്രോജക്ടിന്റെ പ്രൊപ്പോസലിന് 46 കോടി രൂപയുടെ അംഗീകാരം ലഭിച്ചെങ്കിലും ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ ഗുരുവായൂർ ദേവസ്വം കമ്മിറ്റിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ച ഗവൺമെന്റ് ഗൗരവമായി കണ്ട് പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ദേവസ്വം ഭരണസമിതിക്ക് അന്ത്യശാസനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ബേക്കൽ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ടൂറിസം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പാതിവഴിയിൽ ഉപേക്ഷിച്ചുപോകുന്ന കരാറുകാർക്ക് പിന്തുണ നൽകാൻ സാധിക്കില്ലെന്നും നിർമ്മാണ പ്രവർത്തനങ്ങൾ

ഏറ്റെടുക്കുന്നതിൽ നിന്നും ഇൻകെലിനെ ഒഴിവാക്കിയതുസംബന്ധിച്ച് പരിശോധിക്കുമെന്നും ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്ന നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ. ചെയർമാനായ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നടുത്തളത്തിലിരുന്ന യു.ഡി.എഫ്. അംഗങ്ങൾ ഡയസിനുമുന്നിൽ വന്ന് പ്ലക്കാർഡ് ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

37(*336) <u>സഹകരണമേഖല നടത്തുന്ന ഇടപെടലുകൾ</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും വായ്പയെടുത്തിട്ടുള്ള രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ വായ്പ കൃത്യമായി തിരിച്ചടയ്ക്കുകയാണെങ്കിൽ പൂർണ്ണമായ പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതിയും വായ്പാത്തുക കൃത്യമായി തിരിച്ചടയ്ക്കുന്ന നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതിയും നിലവിലുണ്ടെന്നും പരമ്പരാഗത വ്യവസായം ഉൾപ്പെടെയുള്ളവയ്ക്ക് സഹകരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന വ്യവസായ വായ്പകളുടെ പരിധി ഉയർത്തിയിട്ടുണ്ടെന്നും വായ്പാ വിതരണ മാനദണ്ഡങ്ങളും വ്യവസ്ഥകളും ലഘൂകരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ,

ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയ സാധാരണക്കാരെ സ്വകാര്യ/ബ്ലേഡ് പണമിടപാടുകാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിനും ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുകയും സഹകരണ സംഘങ്ങളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് നിലവിൽ വരുമ്പോൾ ആവർത്തിത സ്വഭാവമുള്ള ചാർജ്ജുകൾ ഒഴിവാക്കുകയോ, കുറയ്ക്കുകയോ ചെയ്യാൻ സാധിക്കുമെന്നും വായ്പക്കാരുടെ പലിശ ബാദ്ധ്യത കുറയ്ക്കാൻ കഴിയുമെന്നും പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത മുഖേന കാർഷിക, പരമ്പരാഗത, സ്വയംതൊഴിൽ മേഖലകളിൽ ഒരു സാമ്പത്തിക ചാലക ശക്തിയായി പ്രവർത്തിക്കാൻ പര്യാപ്തമാക്കുന്നതോടൊപ്പം പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവർത്തികൾ കേരള സഹകരണ ബാങ്കിന്റെ ഏജന്റ് എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കാൻ കഴിയുമെന്നും നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾക്കനുസൃതമായി പ്രവർത്തിക്കത്തക്കവിധം പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളുടെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളുടെ പതിനായിരം രൂപയിൽ കൂടുതലുള്ള പലിശയ്ക്ക് ഇൻകംടാക്സ് ഡിഡക്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത്

നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പ്രാഥമിക സഹകരണ ബാങ്കുകളിലെ 25 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ഇൻകംടാക്സ് ഡിഡക്ട് ചെയ്യേണ്ടതില്ലെന്ന് ഇതുമായി ബന്ധപ്പെട്ടവർ സംസ്ഥാന ഐ.ടി. കമ്മീഷണറുമായി നേരത്തെ നടത്തിയ ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് സുപ്രീംകോടതിയിൽ കേസ്സുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും പ്രാഥമിക സംഘങ്ങളിൽ ഇ.പി.എഫ്. ട്രസ്റ്റ് രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3621 മുതൽ 3877 വരെയുള്ള ചോദ്യങ്ങളിൽ 151 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)